# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28-05-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പോലീസ് സേന, പൗരന്മാരുടെ സുഹൃത്തും വഴികാട്ടിയുമായി മാറേണ്ടത് അനിവാര്യമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
   President Draupadi Murmu says it is essential for the police force to become a friend and guide of the citizens.

2. 51-ാമത് പ്രഗതി യോഗത്തിൽ 30,000 കോടിയിലധികം രൂപയുടെ ഏഴ് നിർണായക അടിസ്ഥാന സൗകര്യ പദ്ധതികൾ അവലോകനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.
   Prime Minister Narendra Modi chairs 51st PRAGATI Meeting in New Delhi; Reviews seven critical infrastructure projects worth around 30 thousand crore rupees.

3. സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ പുനർമൂല്യനിർണ്ണയ പ്രക്രിയ ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ.
   Union Education Minister Dharmendra Pradhan today said that re-evaluation process will now begin after certain issues have come to light regarding the CBSE Class 12th examination evaluation process.

4. പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം നാളെ.
   Governor's address in the first session of the 16th Kerala Legislative Assembly to be held tomorrow

5. ത്യാഗ സ്മരണയിൽ ഇസ്ലാംമത വിശ്വാസികൾ ഇന്ന് ബലി പെരുന്നാൾ ആഘോഷിക്കുന്നു. പള്ളികളിലും ഈദ് ഗാഹുകളിലും പ്രത്യേക പ്രാർഥനാ നമസ്കാരം നടന്നു.

Eid-ul-Adha is being celebrated today. Special prayers were offered in mosques and Eid-gahs.

6. രാജ്യത്തിൻറെ വടക്കുപടിഞ്ഞാറൻ മേഖലകളിൽ ഉഷ്ണതരംഗം തുടരുന്നു. കേരളത്തിൽ വ്യാപക മഴയെ തുടർന്ന് ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

Heat wave condtion continues in the northwestern regions of the country. Yellow alert in seven districts today following widespread rains in Kerala.

****************

## PREZ-SIKKIM VISIT ( INTRO)

പോലീസ് സേന, പൗരന്മാരുടെ സുഹൃത്തും വഴികാട്ടിയുമായി മാറണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പോലീസ് ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവരെ സഹായിക്കുകയും ചെയ്യുമ്പോൾ, സമൂഹത്തിൽ നിയമങ്ങളോടുള്ള ബഹുമാനം വളരുമെന്നും രാഷ്ട്രപതി പറഞ്ഞു. പ്രസിഡൻറസ് പോലീസ് കളർ, സിക്കിം പോലീസിന് സമ്മാനിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അവർ .

**വോയിസ്**

****************

## PM-PRAGTI

സ്വച്ച് ഭാരത് മിഷൻ 2.0 മികച്ചരീതിയിൽ നടപ്പാക്കേണ്ടതിന്റെ ആവശ്യം എടുത്തുപറഞ്ഞ് പ്രധാനമന്ത്രി നരേന്ദ്രമോദി. കേവലം അടിസ്ഥാന സൗകര്യ വികസനത്തിന് അപ്പുറം, പൊതുജന പങ്കാളിത്തം, നിരീക്ഷണം അടക്കമുള്ളവയിലും മികച്ച ഫലം ഉണ്ടാകുന്നുണ്ട് എന്ന് ഉറപ്പാക്കണം എന്നും അദ്ദേഹം ന്യൂഡൽഹിയിൽ ചേർന്ന 51-ാമത് പ്രഗതി യോഗത്തിൽ പറഞ്ഞു. 30,000 കോടിയിലധികം രൂപയുടെ ഏഴ് നിർണായക അടിസ്ഥാന സൗകര്യ പദ്ധതികൾ അദ്ദേഹം അവലോകനം ചെയ്തു.

****************

## EID-UL-AZHA - PRESIDENT, PM VP-

സ്നേഹത്തിൻറെയും സാഹോദര്യത്തിൻ്റെയും സ്മരണ പുതുക്കി ഇസ്ലാംമത വിശ്വാസികൾ ഇന്ന് ബലി പെരുന്നാൾ ആഘോഷിക്കുന്നു. പ്രവാചകനായ ഇബ്രാഹിം നബി, ആദ്യ പുത്രനായ ഇസ്മായിലിനെ ദൈവകൽപന മാനിച്ച് ബലി അർപ്പിക്കാൻ സന്നദ്ധ നായതിൻറെ ഓർമ്മപുതുക്കലാണ് വലിയ പെരുന്നാൾ. രാവിലെ മുതൽ പള്ളികളും ഈദ് ഗാഹുകളും കേന്ദ്രീകരിച്ച് നമസ്കാരവും പ്രത്യേക പ്രാർഥനയും നടന്നു.ഡൽഹിയിൽ, ജുമാ മസ്ജിദ്, ഫത്തേപുരി പള്ളി, ഷാഹി ഈദ്ഗ എന്നിവിടങ്ങളിൽ പ്രധാന ഈദ് പ്രാർത്ഥനകൾ നടന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി ഡി സതീശൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ തുടങ്ങിയ പ്രമുഖർ, ജനങ്ങൾക്ക് ബക്രീദ് ആശംസകൾ നേർന്നു. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും പ്രതീകമായ ഈ ഉത്സവം മനുഷ്യരാശിയെ സേവിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നുവെന്ന് ശ്രീമതി മുർമു പറഞ്ഞു. പെരുന്നാൾ എല്ലാവർക്കും സമാധാനവും സന്തോഷവും കൊണ്ടുവരുമെന്ന് ഉപരാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു. സമൂഹത്തിൽ സാഹോദര്യവും സന്തോഷവും വർദ്ധിക്കാൻ പെരുന്നാൾ ഇടയാക്കട്ടെയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസിച്ചു.

****************

## KERALA ASSEMBLY

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം നാളെ നടക്കും. ജൂൺ ഒന്നു മുതൽ മൂന്നുവരെ ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന് മേലുള്ള ചർച്ചയും ഉണ്ടാകും.

****************

## REV. PRADHAN-CBSE

സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ പുനർമൂല്യനിർണ്ണയ പ്രക്രിയ ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. പരീക്ഷയുടെ മൂല്യനിർണ്ണയ പ്രക്രിയയുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ പുറത്തുവന്നതിനെത്തുടർന്നാണിത്. ന്യൂഡൽഹിയിൽ CBSE ഉദ്യോഗസ്ഥരുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികളുടെ ഒരു പ്രശ്നവും പരിഹരിക്കപ്പെടാതെ പോകില്ലെന്നും എല്ലാ തലങ്ങളിലും ഉത്തരവാദിത്തം ഉറപ്പാക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

****************

## INDIA CHINA MEETING

അതിർത്തി പ്രദേശങ്ങളിലെ നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തി ഇന്ത്യയും ചൈനയും. സമാധാനവും ശാന്തതയും നിലനിർത്തുന്നതിൽ കൈവരിച്ച പുരോഗതിയിൽ ഇരുപക്ഷവും തൃപ്തി രേഖപ്പെടുത്തി. ഇന്ത്യ-ചൈന അതിർത്തി കാര്യങ്ങൾക്കായുള്ള വർക്കിംഗ് മെക്കാനിസം ഫോർ കൺസൽട്ടേഷൻ ആൻഡ് കോർഡിനേഷന്റെ 35-ാമത് യോഗത്തിലാണ് ഇരുരാജ്യങ്ങളും സാഹചര്യം അവലോകനം ചെയ്തത്. ഇന്നലെ ബെയ്ജിംഗിലായിരുന്നു യോഗം നടന്നത്.

****************

## Union Home Minister Amit Shah

രാജ്യത്തിന്റെ അതിർത്തിയുടെ 15 കിലോമീറ്റർ ചുറ്റളവിലുള്ള അനധികൃത നിർമ്മാണങ്ങളോട് 'സീറോ ടോളറൻസ്' നയം കർശനമായി നടപ്പിലാക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. എല്ലാ അനധികൃത കെട്ടിടങ്ങളും പൊളിച്ചുമാറ്റാനും കേന്ദ്ര ആഭ്യന്തര മന്ത്രി അധികാരികൾക്ക് നിർദ്ദേശം നൽകി. ഇന്ത്യ-പാകിസ്ഥാൻ അതിർത്തിയിലെ രാജസ്ഥാനിലെ അതിർത്തി ജില്ലകളുമായി ബന്ധപ്പെട്ട സുരക്ഷാ പ്രശ്നങ്ങൾ, ബിക്കാനീറിൽ നടന്ന സുരക്ഷാ അവലോകന യോഗത്തിൽ ശ്രീ ഷാ വിലയിരുത്തി.

****************

## E D- RAID

മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ തിരുവനന്തപുരത്തെ വസതിയിൽ റെയ്ഡ് കഴിഞ്ഞിറങ്ങിയ ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ അറസ്റ്റിലായവരുടെ എണ്ണം 8 ആയി. വധശ്രമം ഉൾപ്പെടെയുള്ള വകുപ്പുകളാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നത്. അന്വേഷണം പുരോഗമിക്കുന്നതായും കൂടുതൽ അറസ്റ്റ് ഉണ്ടായേക്കുമെന്നും സംസ്ഥാന പോലീസ് മേധാവി റവാഡാ ചന്ദ്രശേഖർ അറിയിച്ചു. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയെ തിരുവനന്തപുരത്തെ വസതിയിൽ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

****************

## BENEFICIARY - (INTRO)

കഴിഞ്ഞ 12 വർഷങ്ങളിൽ വിവിധ മേഖലകളിലായി നിരവധി ക്ഷേമ പദ്ധതി കളാണ് കേന്ദ്ര സർക്കാർ
നടപ്പാക്കിയത്.പ്രധാനമന്ത്രിയുടെ PMEGP പദ്ധതിയിലൂടെ
സ്വന്തമായി, വ്യവസായ സ്ഥാപനം വിജയകരമായി
നടത്തുന്നതിന്റെ സന്തോഷം കണ്ണൂർ സ്വദേശി
ജബ്ബാർ ആകാശവാണി വാർത്തകളോട് പങ്കുവെക്കുന്നു.

വോയിസ്

****************

## IMD/BIHAR DEATHS

അടുത്ത രണ്ട് ദിവസങ്ങളിൽ ഇന്ത്യയുടെ മധ്യ, വടക്കുപടിഞ്ഞാറൻ മേഖലകളിൽ ഉഷ്ണതരംഗം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വിദർഭയിൽ ഇന്ന് തീവ്ര ഉഷ്ണതരംഗം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ കേന്ദ്രം റെഡ് അലർട്ട് പ്രഖ്യാപിച്ചു . മധ്യപ്രദേശ്, ഡൽഹി, ചണ്ഡീഗഡ്, രാജസ്ഥാൻ, ഛത്തീസ്ഗഡ്, ഹരിയാന, ഹിമാചൽ പ്രദേശ്, കൊങ്കൺ, ഗോവ, ഒഡീഷ, പഞ്ചാബ്, തെലങ്കാന, ഉത്തർപ്രദേശ് എന്നിവിടങ്ങളിലും ഇന്ന് ഉഷ്ണതരംഗം പ്രതീക്ഷിക്കുന്നുണ്ട്.

അതേസമയം, കനത്ത ഇടിമിന്നലിലും ആലിപ്പഴ വർഷത്തിലും ബിഹാറിന്റെ വടക്കൻ, കിഴക്കൻ ഭാഗങ്ങളിൽ 8 പേർ മരിച്ചു. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് 4 ലക്ഷം രൂപ വീതം അടിയന്തര ധനസഹായം നൽകാൻ മുഖ്യമന്ത്രി സാമ്രാട്ട് ചൗധരി അധികൃതർക്ക് നിർദ്ദേശം നൽകി.

****************

## RAIN KERALA

കേരളത്തിൽ വ്യാപക മഴ തുടരും. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ഏഴ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാനും സാധ്യതയുണ്ട്. കനത്ത മഴയെ തുടർന്ന് തിരുവനന്തപുരം അരുവിക്കര ഡാമിലെ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ ഡാമിന്റെ 2, 5 നമ്പർ ഷട്ടറുകൾ 20 സെന്റീമീറ്റർ കൂടി തുറന്നു. അണക്കെട്ടിൻറെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

****************

## REV US – IRAN ATTACK

ഇറാന്റെ തെക്കൻ മേഖലയിൽ അമേരിക്കൻ സൈന്യം നടത്തിയ ആക്രമണങ്ങൾക്ക് മറുപടിയായി, യുഎസ് ബേസിൽ ആക്രമണം നടത്തിയതായി ഇറാന്റെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്പ്. ടെഹ്റാന്റെ ഈ പ്രതികരണം യുഎസിനുള്ള ഗുരുതരമായ മുന്നറിയിപ്പാണെന്നും IRGC അറിയിച്ചു. ബുധനാഴ്ച രാത്രി ഇറാന്റെ സൈനിക കേന്ദ്രം ലക്ഷ്യമിട്ട് യുഎസ് ആക്രമണങ്ങൾ നടത്തിയിരുന്നു. യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള ചർച്ചകൾ തുടരുന്നതിനിടെയാണ് ഈ ആക്രമണങ്ങൾ നടന്നത്.

****************

## KUWAIT DRONE ATTACK

ശത്രുക്കളുടെ മിസൈൽ, ഡ്രോൺ ആക്രമണങ്ങളെ കുവൈറ്റിന്റെ വ്യോമപ്രതിരോധ സംവിധാനങ്ങൾ പ്രതിരോധിച്ചതായി കുവൈറ്റ് ജനറൽ സ്റ്റാഫ് ഓഫ് ദി ആർമി വ്യക്തമാക്കി .ഹോർമുസ് കടലിടുക്കിന് സമീപം തെക്കൻ ഇറാനിലും പരിസര പ്രദേശങ്ങളിലും ഈ ആഴ്ച അമേരിക്ക നടത്തിയ പുതിയ ആക്രമണങ്ങൾ ഉൾപ്പെടെ, പ്രാദേശിക സംഘർഷങ്ങൾ രൂക്ഷമായ സാഹചര്യത്തിൽ എല്ലാ സുരക്ഷാ, മുൻകരുതൽ നിർദ്ദേശങ്ങളും കർശനമായി പാലിക്കാൻ കുവൈറ്റ് അധികൃതർ പൊതുജനങ്ങളോട് അഭ്യർത്ഥിച്ചു.

****************

## GLOBAL OIL PRICES

തന്ത്രപ്രധാനമായ തുറമുഖ നഗരമായ ബന്ദർ അബ്ബാസിലെ സൈനിക താവളം ലക്ഷ്യമിട്ട് അമേരിക്ക ഇറാനിൽ പുതിയ ആക്രമണങ്ങൾ നടത്തിയതിന് പിന്നാലെ ആഗോള വിപണിയിൽ എണ്ണവില കുത്തനെ ഉയർന്നു. അന്താരാഷ്ട്ര എണ്ണവില സൂചികയായ ബ്രെന്റ് ക്രൂഡ് 3.75 ശതമാനം വർധിച്ച് ബാരലിന് 97.83 ഡോളറിലെത്തി. യുഎസ് വിപണിയിലെ ക്രൂഡ് ഓയിൽ വില 4 ശതമാനം ഉയർന്ന് 92.22 ഡോളറിലെത്തി.ഹോർമുസ് കടലിടുക്ക് വീണ്ടും തുറക്കുന്നതിനുള്ള ഒരു കരാർ ഉടൻ ഉണ്ടാകുമെന്ന പ്രതീക്ഷയിൽ ഈ ആഴ്ച എണ്ണവില ഗണ്യമായി കുറഞ്ഞിരുന്നു.

****************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തിലേക്ക് നാളെ കൂടി ജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, നമോ ആപ്പ്, My gov ഓപ്പൺ ഫോറം എന്നിവയിലൂടെ അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്. ഈ മാസം 31-നാണ് മൻ കി ബാത്തിൻറെ 134-ാ◌ം പതിപ്പിൻറെ പ്രക്ഷേപണം.

***************

***************

*****